# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്
## ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.7/3093/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി20-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.

നം. കെ.എസ്.എ.എം.പി.എം7/3093/2016 തിയ്യതി:20-12-2016

# മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-11-2015 മുതൽ 07-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 07-11-2016 മുതൽ 18-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള എ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |
| ശ്രീ. സഹദ്. ഒ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. കെ.വി സഫിയ | 01-04-2015 മുതൽ 31-10-2015വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01-11-2015 മുതൽ 11-11-2015വരെ |
| ശ്രീ. അഹമ്മദ് സഗീർ | 12-11-2015 മുതൽ 31-03-2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. എൻ. അബ്ദുൽ റഷീദ് | 01.04.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. എൻ അബ്ദുൽ റഷീദ് | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഗോപാലകൃഷ്ണൻ. ആർ | 01.04.2015 മുതൽ 21.08.2015 വരെ |
| | ശ്രീ. ശ്രീനിവാസൻ കുന്നത്ത് | 22.08.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ബിന്ദു കെ.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജിനി ജോർജ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജയഭാരതി | 01.04.2015 മുതൽ 16.01.2016 വരെ |
| | vaccant | 17.01.2016 മുതൽ 27.01.2016 വരെ |
| | ശ്രീമതി. ഭാസിമ. പി | 28.01.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. ഷബ്ന ബീഗം | 01.04.2015 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ | ശ്രീ. സുമേഷ് വളരാടൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | vaccant | 01.04.2015 മുതൽ 02.06.2015 വരെ |
| | ശ്രീ. അബൂബക്കർ | 03.06.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഷൗക്കത്തലി പുത്തൻകര | 01.04.2015 മുതൽ 02.06.2015 വരെ |
| | ഡോ. സാബിർ നാലകത്ത് | 03.06.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. കെ.ടി. രായീൻകുട്ടി | 01.04.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം

| ക്രമ | വിഷയം | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വരവ് ഇനങ്ങളുടെ പിരിവ് പുരോഗതി | 2-1 | |
| 13 | ഡി & ഒ ലൈസൻസ് - പൊതു അപാകതകൾ | 2-2 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | പരിരക്ഷ പദ്ധതി - അപാകതകൾ | 3-1 | |
| 15 | മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല | 3-2 | |
| 16 | പദ്ധതി ചെലവ് നിരീക്ഷണം സംബന്ധിച്ച് | 3-3 | |
| 17 | പൊതുടാപ്പുകൾ/തെരുവു വിളക്കുകൾ സംയുക്ത പരിശോധന നടത്തിയില്ല | 3-4 | |
| 18 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 3-5 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 20 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 22 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 23 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 24 | ഓഡിറ്റ് റിക്കവറി | 4-6 | |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 28 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 19-03-2015ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, 2015-16 ലെ പുതുക്കിയ ബജറ്റ് 04-03-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 26-07-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2014-15 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സൂചിപ്പിച്ച അപാകതകൾ മുഴുവനായും പരിഹരിച്ചിട്ടില്ല. 2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക കണക്കുകളുടെ കൂടെ അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ(മുൻ വർഷത്തെ അപാകതകൾ ക്രമീകരിച്ചതുൾപ്പെടെ ) സമർപ്പിച്ചിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 60 പ്രകാരം ഓരോ മാസവും 10-ാം തീയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പെമെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുന്നതിൽ സമയ ക്ലിപ്തത പാലിക്കുന്നില്ല.

3. മുഴുവൻ സ്ഥാവര ജംഗമ ആസ്തികളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വസ്തുനികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമല്ല.

5. സാംഖ്യ എ.സി.ആർ പ്രകാരമുള്ള വരവ് തുകകൾ മുഴുവനായും വാർഷിക കണക്കിൽ വരവായി കാണിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2015-16 |
| മുന്നിരിപ്പ് | 14282240 |
| വരവ് | 31275907 |
| ആകെ | 45558147 |
| ചെലവ് | 39882841 |
| നീക്കിയിരുപ്പ് | 5675306 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ഗവ. പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2034602 | 3847040 | 6965937 | 12847579 | 8010465 | 4837114 | 62.3 |
| വികസനഫണ്ട് എസ്.സി.പി. | 1401401 | (-)1301401 | 6646401 | 6746401 | 3722437 | 3023964 | 74.4 |
| വികസനഫണ്ട് ടി.എസ്.പി. | 13000 | (-)13000 | 20000 | 20000 | 0 | 20000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 261449 | 0 | 6631000 | 6892449 | 6359356 | 533093 | 92.2 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 142732 | 0 | 2320000 | 2462732 | 1512381 | 950351 | 61.4 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 823000 | (-)2233510 | 6198448 | 4787938 | 3688998 | 1098940 | 81.2 |
| പെർഫോമൻസ് ഗ്രാന്റ് | 2313000 | 299129 | 299129 | 2313000 | 2273345 | 39655 | 98.2 |
| MGNREGS | 303799 | 0 | 9210077 | 9513876 | 9511486 | 2390 | 99.9 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 198 | 46769963 | 143 | 31758420 | 32 | 23 | 72.2 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2823732 | 1748033 | 1075699 | (-)38 |
| നികുതിയേതര വരവുകൾ | 941243 | 438103 | 503140 | (-)53 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 3836089 | 2456472 | 1379617 | (-)36 |
| ആകെ | 7601064 | 4642608 | 2958456 | (-)38 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 565920 | 355 |
| കർഷകതൊഴിലാളി പെൻഷൻ | 3436950 | 414 |
| വിധവാപെൻഷൻ | 8552760 | 816 |
| വാർദ്ധക്യകാലപെൻഷൻ | 7643340 | 903 |
| വികലാംഗപെൻഷൻ | 2961535 | 269 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 187600 | 18 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 51298 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവിരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്ററിലും (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യഗസ്ഥരായ വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചിനീയർ, തുടങ്ങിയ നിർവഹണ ഉദ്യഗസ്ഥർ ടി.ആർ 7 എ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ പ്രൊജക്ട് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സഞ്ചയ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-10-2016 | September 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-03-2012 മുതൽ 29-03-2012 വരെ | 2008-09 സപ്ലിമെന്ററി | 14-05-2012 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-10-2016 | പ്രൊക്യുർമെന്റ് ഓഡിറ്റ് | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവ് ഇനങ്ങളുടെ പിരിവ് പുരോഗതി

ഗ്രാമ പഞ്ചായത്തിലെ വിവിധ തനത് വരവ് ഇനങ്ങളിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 2015-16 വർഷത്തിൽ കുറവായിട്ടാണ് വരവ് ഉണ്ടായിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി

| വർഷം | ഡിമാന്റ് തുക | പിരിവ് തുക | പിരിവ് ശതമാനം |
|---|---|---|---|
| 2010-11 | 715045 | 601451 | 84 |
| 2011-12 | 831377 | 592330 | 71 |
| 2012-13 | 969660 | 802147 | 83 |
| 2013-14 | 1070923 | 828664 | 77 |
| 2014-15 | 1626762 | 1199386 | 74 |
| 2015-16 | 1891284 | 880314 | 47 |

ഡിമാന്റ് ചെയ്ത തുകകൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ്

| വർഷം | വരവ് |
|---|---|
| 2010-11 | 11545 |
| 2011-12 | 15089 |
| 2012-13 | 12170 |
| 2013-14 | 18500 |
| 2014-15 | 19500 |
| 2015-16 | 18275 |

2013-14, 2014-15 വർഷങ്ങളെ അപേക്ഷിച്ച് 2015-16 വർഷത്തിൽ ഈ ഇനത്തിൽ വരുമാനം കുറവായിട്ടാണ് ലഭ്യമായത്. മുൻ വർഷങ്ങളിൽ ലൈസൻസ് എടുത്ത മുഴുവൻ വ്യാപാരികളും പുതിയ വർഷത്തിലും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും, ലൈസൻസ് ഫീ പിരിച്ചെടുക്കുന്നതിനും ഊർജിത ശ്രമങ്ങൾ നടത്തേണ്ടതുമാണ്. പുതുതായി വരുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

തനത് വരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് - പൊതു അപാകതകൾ

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ചില പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ (ആർ.ടി) 795/2007/ത.സ്വ.ഭ.വ തി. 16-03-2007 പ്രകാരം ഡി & ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ

സ്ഥാപനങ്ങൾ അവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് കാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നമെന്ന് അണ്ടർടേക്കിംഗ് നൽകണം. എന്നാൽ ഭൂരിഭാഗം അപേക്ഷകളിലും അത്തരം അണ്ടർടേക്കിംഗ് നൽകിയിട്ടില്ല.

2. ഭൂരിഭാഗം അപേക്ഷകളിലും ദിനേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമല്ല.

3. പല അപേക്ഷകളിലും ആവശ്യമായ നിരാക്ഷേപ പത്രം ഹാജരാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ | സ്ഥാപനം/ഉടമ | കുറിപ്പ് |
|---|---|---|
| 14/15-16 | ടീ ഷോപ്പ് / ഹുസൈൻ ബാബു | സാനിട്ടറി സർട്ടിഫിക്കറ്റ് |
| 29/15-16 | മദീന ബേക്കറി / വീരാൻ കുട്ടി | -ടി- |
| 36/15-16 | സംസം കൂൾ ബാർ & കോഫി ബാർ / അബ്ദുൽ റഷീദ് | -ടി- |

അപാകതകൾ പരിഹരിക്കേണ്ടതും, സർക്കാർ നിർദേശം പാലിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പരിരക്ഷ പദ്ധതി - അപാകതകൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പരിരക്ഷ പ്രൊജക്ട് പ്രകാരം (നമ്പർ. 19/2016) താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 127300 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 163200 |
| തനത് ഫണ്ട് | 153000 |
| ആകെ | 443500 |

പദ്ധതി പ്രകാരം പരിരക്ഷ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മരുന്ന് വാങ്ങൽ, പരിരക്ഷ നഴ്സിന്റെ ശമ്പളം, വാഹന വാടക, പരിരക്ഷ നഴ്സിന്റെ ഫോൺ അലവൻസ് എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗരേഖ റദ്ദാക്കികൊണ്ട് പുറത്തിറക്കിയ 29-10-2015 ലെ ജി.ഒ (ആർ.ടി) നമ്പർ. 3217/15/ ത.സ്വ.ഭ.വ പുതുക്കിയ മാർഗരേഖ പ്രകാരം പരിരക്ഷ നഴ്സിന്റെ ഫോൺ അലവൻസ് അനുവദിക്കാവുന്നതല്ല. ഈ ഇനത്തിൽ 1750 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ. 8/15-16 തി. 29-03-2016).

2015 നവംബർ മുതൽ 2016 മാർച്ച് വരെ ഈ ഇനത്തിൽ കൈപ്പറ്റിയ 1750 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-2 മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ താഴെപറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് തുക പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | ബിൽ നമ്പർ/തിയ്യതി | തുക |
|---|---|---|
| 18/15-16 | 6/15-16 തി. 21-03-2016 | 250000 |

| | | |
|---|---|---|
| (മരുന്ന് വാങ്ങൽ) | | |
| 19/15-16 | 8/15-16 തി. 29-03-2016 | 50100 |
| (പരിരക്ഷ മരുന്ന് വാങ്ങൽ) | ട്രഷറി ചെക്ക് നം. 3728188തി. 21-03-2016 | 9900 |
| ആകെ | | 310000 |

എന്നാൽ 213403 രൂപയുടെ മരുന്നുകൾ മാത്രമാണ് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് ഇതുവരെ ലഭ്യമായത്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പദ്ധതി ചെലവ് നിരീക്ഷണം സംബന്ധിച്ച്

2015- 16 വർഷത്തിൽ താഴെ പറയും പ്രകാരമാണ് വികസന ഫണ്ടിന്റെ വിനിയോഗം.

| ക്രമനം. | ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ച തുക | വിനിയോഗ ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ ) | 8999984 | 8010465 | 89 |
| 2 | വികസനഫണ്ട് (എസ് സി പി) | 6746401 | 3722437 | 55 |
| 3 | വികസനഫണ്ട് (ടി.എസ്. പി) | 20000 | 0 | 0 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3690188 | 3688998 | 99.9 |
| 5 | പെർഫോർമൻസ് ഗ്രാന്റ് | 2313000 | 2273345 | 98 |
| 6 | മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 6892449 | 6359356 | 92 |
| 7 | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 2462732 | 1512381 | 61 |

തുക പൂർണ്ണമായി വിനിയോഗിച്ച് കൊണ്ട് ഫണ്ട് ലാപ്സാകുന്നത് പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.

വരവ് ഇനങ്ങളിൽ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| കെട്ടിട നികുതി | 2000000 | 1891284 | (-) 108716 |
| തൊഴിൽ നികുതി | 640000 | 608520 | (-) 31480 |
| ഡി & ഒ ലൈസൻസ് | 31000 | 21444 | (-) 9556 |
| പെർമിറ്റ് ഫീ | 348500 | 137778 | (-) 210722 |

എല്ലാ വരവിനങ്ങളിലും ബഡ്ജറ്റ് നിർദ്ദേശത്തിലും കുറവായിട്ടാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മക നടപടികൾ ഉണ്ടാകേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 പൊതു ടാപ്പുകൾ/സ്ട്രീറ്റ് ലൈറ്റ് സംയുക്ത പരിശോധന നടത്തേണ്ടതാണ്

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ പ്രതിമാസം 7875 രൂപ നിരക്കിൽ 2015-16 വർഷം 94500 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. അതുപോലെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം 15442 രൂപ നിരക്കിൽ 2015-16 വർഷം 205178 രൂപ (16-08-2014 മുതൽ 31-10-2014വരെയുള്ള താരിഫ് റിവിഷൻ അരിയർ ഉൾപ്പെടെ) കെ.എസ്.ഇ.ബി യിൽ അടവാക്കിയിട്ടുണ്ട്.

തെരുവു വിളക്കുകളുടെയും, വാട്ടർ ടാപ്പുകളുടെയും യഥാർത്ഥ എണ്ണത്തിന് അനുസൃതമായാണോ തുക അടവാക്കി വരുന്നതെന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി ബില്ലിന്റെയും, വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിന്റെയും അടിസ്ഥാനത്തിലാണ് നിലവിൽ തുക അടവാക്കി വരുന്നത്. പ്രവർത്തന രഹിതമായ തെരുവു വിളക്കുകളുടെയും, വാട്ടർ ടാപ്പുകളുടെയും വിവരം പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ഇത്തരം തെരുവു വിളക്കുകൾക്കും, വാട്ടർ

ടാപ്പുകൾക്കും ചാർജ് അടക്കുന്നുണ്ടോ എന്ന കാര്യവും വ്യക്തമാവുന്നില്ല.

തെരുവു വിളക്കുകളുടെയും, വാട്ടർ ടാപ്പുകളുടെയും യഥാർത്ഥ വിവരം ലഭ്യമാക്കുന്നതിനും, ഉപയോഗത്തിലിരിക്കുന്ന തെരുവു വിളക്കുകൾക്കും, വാട്ടർ ടാപ്പുകൾക്കും മാത്രം ചാർജ് അടവാക്കുകയും ചെയ്യുന്നതിനായി കെ.എസ്.ഇ.ബി യുമായും, വാട്ടർ അതോറിറ്റിയുമായും സംയുക്ത പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 58ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 110 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഒരു അസി.എഞ്ചിനീയർ, ഓവർസിയർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗിക തലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ റോഡിൽ ഒരുക്കേണ്ടതാണ്. നിർമ്മാണത്തിനും

മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമയി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശ ഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് 2014 ലെ DSR നിരക്കിനെ അടിസ്ഥാനമാക്കിയാണെന്നും ടാറിന്റെ മാർക്കറ്റ് വില ഈ നിരക്കിനേക്കാൾ കുറവാണെന്നും കാണുന്നു. ഇതെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് കണക്ക് തയ്യാറാക്കിയപ്പോൾ സമിതികൾ ടാർ ലഭ്യമായതിന്റെ യഥാർത്ഥ ചെലവ് ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മൊത്തം ചെലവ് മൂല്യനിർണ്ണയതുകയിൽ അധികരിക്കുന്ന രീതിയിൽ തൊഴിലാളികളുടെ കൂലി,മറ്റുള്ള മെറ്റീരിയലുകൾ വാങ്ങിയതിന്റെ ചെലവ് അധികമായി ഉൾപ്പെടുത്തുന്നുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| CDPO | 2015-16 | 1004886 | അംഗനവാടി അനുപൂരക പോഷകാഹാരം | 992117 | 12769 |
| NABARD | 2015-16 | 688000 | നീലക്കുഴിയിൽ അംഗൻവാടി | 655885 | 32115 |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണം | | |
| NABARD | 2015-16 | 688000 | മുക്കണ്ണൻ ചോല അംഗനവാടി നിർമ്മാണം | 688000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31275907 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39882841 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1750 | ഡോ. സാബിർ നാലകത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | | 1750 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സാബിർ നാലകത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മുതുവല്ലൂർ | നാലകത്ത് ഹൗസ്, അരീക്കോട്, മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | എൽ.എഫ്.എം.15/278/09 തി : 13-07-2009 | 1 | |
| 2006-07 | എൽ.എഫ്.എം.15/44/10 തി : 03-11-2010 | 19 | |
| 2007-08 | എൽ.എഫ്.എം.9/1204/11 തി : 28-07-2011 | 11 | |
| 2008-09 | എൽ.എഫ്.എം.9/1205/11 തി : 16-07-2011 | 4 | |
| 2009-10,10-11 | എൽ.എഫ്.എം.7/1182/13 തി:19.09.2013 | 17 | |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.7/3035/2015 തി: 21.01.2016 | 8 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.7/2097/2016 തി: 08.08.2016 | 16 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.

## 4-10 അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 31-03-2016ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറ് വരവു ചെലവു കണക്കുകളെ ശരിയായ

രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 4-11 ANNEXURE

## AUDIT CERTIFICATE

No. KSA/MPM/27/3063/2016

Kerala State Audit Department,
District Audit Office, Malappuram

Date: 20-12-2016

Certified that I have Audited the Annual Financial Statement of Muthuvallur Grama Panchyat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the

Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Muthuvallur Grama Panchyat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

mac